# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2325 18.12..2012 ലെ മറുപടിയ്ക്ക്

## മണി ലെന്റേഴ്സ് ആക്ട്

ചോദ്യം

ഡോ. ടി. എം. തോമസ് ഐസക്

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 1958-ലെ കേരള മണി ലെന്റേഴ്സ് ആക്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ അമിത പലിശ ഈടാക്കിയതിനും മറ്റുമായി എത്രയാളുകൾക്കെതിരെ കേസ്സെടുക്കുകയുണ്ടായി; വിശദമാക്കാമോ; | (എ) | 1958 ലെ കേരള മണി ലെന്റേഴ്സ് ആക്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേവരെ അമിത പലിശ ഈടാക്കിയതിനും മറ്റുമായി 444 ആളുകൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. |
| (ബി) | നിലവിലുള്ള നിയമം അമിത പലിശ ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ പര്യാപ്തമല്ല എന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; | (ബി) | നിലവിലുള്ള സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ കൂടുതൽ ശക്തമായ ശിക്ഷാനടപടികൾ ഉൾപ്പെടുത്തി ഒരു സമഗ്രമായ നിയമം അടിയന്തിരമായി നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേരള അമിത പലിശ ഈടാക്കൽ നിരോധന ഓർഡിനൻസ്, 2012 പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | മണി ലെന്റേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവൃത്തിച്ച എത്ര പേർ ഇപ്പോൾ ജയിലുകളിൽ കഴിയുന്നുണ്ട് ; എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ടെന്നറിയിക്കുമോ ? | (സി) | 1958 ലെ കേരള മണിലെന്റേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിച്ച 11 പേർ ഇപ്പോൾ ജയിലിലുണ്ട്. 293 കേസുകൾ ഇപ്പോൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.